**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3** **10-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ എന്ന് മുതൽ പ്രാബല്യത്തിലുള്ളതാണെന്ന് അറിയിക്കാമോ; സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 1961 ലാണ് ഒരു സർക്കാർ ഉത്തരവിറങ്ങിയിട്ടുള്ളത്. പിന്നീട് കാലാനുസൃതമായ നിരവധി പരിഷ്കാരങ്ങൾ ആരോഗ്യ മേഖലയിൽ സർക്കാർ വരുത്തിയിട്ടുണ്ട്. 1983-ൽ മെഡിക്കൽ വിദ്യാഭ്യാസം പ്രത്യേക വകുപ്പായി രൂപീകരിക്കപ്പെട്ടു. ഇന്ന് ആരോഗ്യ മേഖലയിലെ തസ്തികകളിലും ഉത്തരവാദിത്തങ്ങളിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്.<br><br>സംസ്ഥാനത്ത് നവകേരള കർമ്മ പദ്ധതി- ആർദ്രം മിഷൻ നടപ്പിലാക്കാൻ തുടങ്ങിയത് മുതൽ ആർദ്രം മാർഗരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന എൻ.എം.സി മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ കോളേജിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് വരുന്നുണ്ട്. ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ 2721 തസ്തികകളും കൂടാതെ വിവിധ സ്ഥാപനങ്ങളുടെ അപ്ഗ്രേഡേഷന്റെ ഭാഗമായി 1004 തസ്തികകളും ചേർത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ആകെ 3725 തസ്തികകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ അക്കാഡമിക നിലവാരം ഉയർത്താനും അതോടൊപ്പം തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനുമായി 2016 മുതൽ നാളിതുവരെ 4641 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **പി.എസ്.സി വഴിയുള്ള നിയമനം കൂടാതെ ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം), ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ എച്ച്.ഡി.സി / എച്ച്.ഡി.എസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, KASP, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അഡ്ഹോക്ക് വ്യവസ്ഥ തുടങ്ങിയവ മുഖേനയും ആരോഗ്യ പ്രവർത്തകരെ ആശുപത്രികളിൽ നിയമിക്കുന്നുണ്ട്.** |
| (ബി) | ഫാമിലി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവയായി ഉയർത്തിയിട്ടുള്ള നിരവധി ആശുപത്രികൾ ഇപ്പോഴും പഴയ സ്റ്റാഫ് പാറ്റേണിലും ബെഡ് കപ്പാസിറ്റിയിലും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ആരോഗ്യ വകുപ്പിൽ നിലവിൽ 6342 ഡോക്ടർമാരും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ 3391 അധ്യാപക വിഭാഗം ഡോക്ടർമാരും ഉൾപ്പെടെ മൊത്തം 9733 ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇതിന് പുറമേ വിവിധ മെഡിക്കൽ കോളേജുകളിലായി 2961 ജൂനിയർ റസിഡന്റ് ഡോക്ടർമാരും, 1255 ഹൗസ് സർജന്മാരും ഉണ്ട്. ആരോഗ്യ വകുപ്പിൽ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമായി നിലവിലെ കിടക്കകളുടെ എണ്ണം 54,000 -ന് മുകളിലാണ്. ആരോഗ്യ വകുപ്പ് നിലവിൽ പിന്തുടരുന്നത് ആർദ്രം മാനദണ്ഡം ആണ്. ആർദ്രം പദ്ധതി പ്രകാരം ഓരോ ജില്ലയിലും ഓരോ ജില്ലാതല ആശുപത്രി, ഓരോ താലൂക്കിലും ഓരോ തലൂക്ക്തല ആശുപത്രി, ഓരോ ബ്ലോക്കിലും ഓരോ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രം, കൂടാതെ സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റൽ എന്നിവ വഴി മികവാർന്ന രോഗീ പരിചരണവും ആരോഗ്യ സേവനവും പ്രദാനം ചെയ്യുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ സ്റ്റാഫ് പാറ്റേൺ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ജനസംഖ്യാവർദ്ധനവും ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനവും കണക്കിലെടുത്ത് കാലാനുസൃതമായി സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 3</u>          <u>10.06.2024 ൽ മറുപടിയ്ക്ക്</u>

**<u>സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം</u>**

| <u>ചോദ്യം</u><br>ശ്രീ. പ്രമോദ് നാരായണൻ<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ<br>ശ്രീ. ജോബ് മൈക്കിൾ<br>ഡോ. എൻ. ജയരാജ് | | <u>ഉത്തരം</u><br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ എന്ന് മുതൽ പ്രാബല്യത്തിലുള്ളതാണെന്ന് അറിയിക്കാമോ; സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ)<br>&<br>(സി) | സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 1961 ലാണ് ഒരു സർക്കാർ ഉത്തരവിറങ്ങിയിട്ടുള്ളത്. പിന്നീട് കാലാനുസൃതമായ നിരവധി പരിഷ്കാരങ്ങൾ ആരോഗ്യ മേഖലയിൽ സർക്കാർ വരുത്തിയിട്ടുണ്ട്. 1983-ൽ മെഡിക്കൽ വിദ്യാഭ്യാസം പ്രത്യേക വകുപ്പായി രൂപീകരിക്കപ്പെട്ടു. ഇന്ന് ആരോഗ്യ മേഖലയിലെ തസ്തികകളിലും ഉത്തരവാദിത്തങ്ങളിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്.<br>സംസ്ഥാനത്ത് നവകേരള കർമ്മ പദ്ധതി- ആർദ്രം മിഷൻ നടപ്പിലാക്കാൻ തുടങ്ങിയത് മുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന എൻ.എം.സി മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ കോളേജിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചു വരുന്നുണ്ട്. ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ 2721 തസ്തികകളും കൂടാതെ വിവിധ സ്ഥാപനങ്ങളുടെ അപ്ഗ്രേഡേഷന്റെ ഭാഗമായി 1004 തസ്തികകളും ചേർത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ആകെ 3725 തസ്തികകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ അക്കാഡമിക നിലവാരം ഉയർത്താനും അതോടൊപ്പം തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനുമായി 2016 മുതൽ നാളിതുവരെ 4641 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br>പി.എസ്.സി വഴിയുള്ള നിയമനം കൂടാതെ ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം), ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ എച്ച്.ഡി.സി /എച്ച്.ഡി.എസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, KASP, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അഡ്ഹോക്ക് വ്യവസ്ഥ തുടങ്ങിയവ മുഖേനയും ആരോഗ്യ പ്രവർത്തകരെ ആശുപത്രികളിൽ നിയമിക്കുന്നുണ്ട്. |
| (സി) | ജനസംഖ്യാവർദ്ധനവും ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനവും കണക്കിലെടുത്ത് കാലാനുസൃതമായി സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |
| (ബി) | ഫാമിലി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, | (ബി) | ആരോഗ്യ വകുപ്പിൽ നിലവിൽ 6342 ഡോക്ടർമാരും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ 3391 |

| | | | |
|---|---|---|---|
| | ജനറൽ ആശുപത്രി എന്നിവയായി ഉയർത്തിയിട്ടുള്ള നിരവധി ആശുപത്രികൾ ഇപ്പോഴും പഴയ സ്റ്റാഫ് പാറ്റേണിലും ബെഡ് കപ്പാസിറ്റിയിലും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | | അധ്യാപക വിഭാഗം ഡോക്ടർമാരും ഉൾപ്പെടെ മൊത്തം 9733 ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇതിന് പുറമേ വിവിധ മെഡിക്കൽ കോളേജുകളിലായി 2961 ജൂനിയർ റസിഡന്റ് ഡോക്ടർമാരും, 1255 ഹൗസ് സർജന്മാരും ഉണ്ട്. ആരോഗ്യ വകുപ്പിൽ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമായി നിലവിലെ കിടക്കകളുടെ എണ്ണം 54,000 -ന് മുകളിലാണ്. ആരോഗ്യ വകുപ്പ് നിലവിൽ പിന്തുടരുന്നത് ആർദ്രം മാനദണ്ഡം ആണ്. ആർദ്രം പദ്ധതി പ്രകാരം ഓരോ ജില്ലയിലും ഓരോ ജില്ലാതല ആശുപത്രി, ഓരോ താലൂക്കിലും ഓരോ താദലൂക്ക്തല ആശുപത്രി, ഓരോ ബ്ലോക്കിലും ഓരോ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രം, കൂടാതെ സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റൽ എന്നിവ വഴി മികവാർന്ന രോഗീ പരിചരണവും ആരോഗ്യ സേവനവും പ്രദാനം ചെയ്യുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ സ്റ്റാഫ് പാറ്റേൺ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ